KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS

VADUTHALA JAMA-ATH ENGLISH MEDIUM PUBLIC SCHOOL

NADVATH NAGAR - 688 559

# സർഗ്ഗദീപം

## വടുതല ജമാഅത്ത് ഹയർ സെക്കണ്ടറി സ്കൂൾ





# *Message*

*I have immense pleasure to know that you are starting a digital magazine. I think this attempt will open a door to the horizon of I. T world. I convey my best wishes to this venture*

*K. A Pareeth*

*Manager*

*V J H S S*




# സന്ദേശം

വടുതല ജമാഅത്ത് ഹയർ സെക്കണ്ടറി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് ' പ്രസിദ്ധീകരിക്കുന്ന 'സർഗ്ഗദീപം' എന്ന മാഗസിൻ കുട്ടികളുടെ വിവരസാങ്കേതിക വിദ്യയിൽ ഉള്ള കഴിവുകൾ പ്രതിഫലിപ്പിക്കുന്നതിനും പാഠ്യേതരമായ അവരുടെ കഴിവുകൾ വളർത്താൻ പ്രോത്സാഹനം നൽകുന്നതുമാകട്ടെ എന്ന് ആശംസിക്കുന്നു .

എല്ലാ നന്മകളും വിജയങ്ങളും നേരുന്നു .

എന്ന്
ബി. ചന്ദ്രലേഖ.
(പ്രധാന അദ്ധ്യാപിക)



## സന്ദേശം

വടുതല ജമാഅത്ത് ഹയർ സെക്കണ്ടറി സ്കൂൾ ഒരു ഇ – മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. മാധ്യമങ്ങൾ മേൽക്കോയ്മ നേടിയ സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അച്ചടിമാധ്യമങ്ങളിൽ നിന്ന് ദൃശ്യമാധ്യമങ്ങളിലേക്കും അവിടെ നിന്ന് സൈബർ മാധ്യമങ്ങളിലേക്കും ഉള്ള മാറ്റം സാങ്കേതിക വിദ്യയുടെ വളർച്ചയുടെ കൂടിയുള്ള ഫലമാണ്. നവമാധ്യമങ്ങൾ എന്ന് വിശേഷിപ്പിക്കുന്ന മാധ്യമരൂപങ്ങൾ എന്നും ഗണ്യമായ സ്വാധീനം സമൂഹത്തിൽ ചെലുത്തുന്നുണ്ട്. ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം, യൂട്യൂബ്, തുടങ്ങിയ ഇന്റർനെറ്റ് മാധ്യമങ്ങൾ ഇന്ന് സമൂഹത്തിൽ ഏറെ പ്രചാരം നേടിയിട്ടുണ്ട്. പുതുതലമുറ ഈ സൈബർ യുഗത്തിൽ വിജ്ഞാനപ്രദമായ പല കാര്യങ്ങളും ഇന്റർനെറ്റിലൂടെ നേടുന്നു എന്നത് അത്ഭുതാഹമായ ഒന്നാണ്. അങ്ങനെയുള്ള ഈ സൈബർ യുഗത്തിൽ ഒരു ചെറുകാൽ വെയ്പ്പ് നിർവഹിക്കാൻ ഈ ഇ – മാഗസിൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഇതിന്റെ അണിയറ പ്രവർത്തകരായ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം ആശംസകൾ നേരുന്നു.

എന്ന്
ഐഷത്ത്. എച്ച്
(പ്രിൻസിപ്പാൾ)

## മുഖപ്രസംഗം

ആമുഖമായി, മാഗസിനുവേണ്ടി നിങ്ങളുടെ വിനീതമായ പ്രർത്ഥനയും

. ആസ്വാദനവും ഞങ്ങൾ പ്രതീക്ഷിക്കുന്നു

നാം ജീവിക്കുന്നത് ഒരു കമ്പ്യൂട്ടർ യുഗത്തിലാണ്. വിവരസാങ്കേതിക വിദ്യ നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ഈ മാഗസിൻ അതിലേയ്ക്ക് ഒരു ചുവടുവയ്പ്പായി മാറും എന്ന് പ്രതീക്ഷിക്കുന്നു . ഇതിന്റെ പിന്നിൽ പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സിന്റെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഈ .സ്കൂളിനുവേണ്ടി ഞങ്ങൾ ഈ മാഗസിൻ സമർപ്പിക്കുന്നു

എന്ന്
പത്രാധിപസമിതി.

## ഉള്ളടക്കം

പ്രളയം.....6
അരുക്കുറ്റി ചരിത്രത്തിലൂടെ.....8
കേരളനാട്.....10
പൂച്ച.....11
കുയിൽ.....12
കുയിലമ്മ.....13
മലയാള അക്കങ്ങൾ.....14
രണ്ടാമൂഴം.....15
എന്റെ നാട്.....16
മദ്യം മയക്ക മരുന്ന്യുവതലമുറയുടെ വെല്ലുവിളികൾ.....18
മരത്തെ കുറിച്ച് മഹാന്മാർ.....22
സായാഹ്നം.....24
പൂക്കാലം കഴിഞ്ഞപ്പോൾ.....26
പ്ലാസ്റ്റിക്ക് വിമുക്ത കേരളം.....27
സ്വപ്നമോ യാഥാർത്ഥ്യമോ ?.....27
ഓർമ്മയിലെ ബാല്യം.....28
അമ്മ.....29
ഹൈമവഭൂവിൽ.....30
ആഹാരരീതികളും ആരോഗ്യവും.....32
മാറുന്ന ലോകം.....36
എന്റെ വിദ്യാലയം.....38
ഋതുനൊമ്പരം.....39
കളിപ്പാവ.....40
ഗാന്ധിയൻ ദർശനങ്ങൾ.....41
കടങ്കഥകൾ.....42
കുഞ്ഞുണ്ണിമാഷിന്റെ.....45
കുഞ്ഞുമൊഴികൾ.....45
ButterFlies.....47
PROVERBS.....47
MY SCHOOL.....48
THE DIFFERENCE IN THE WORLD.....50
IS TECHNOLOGY MAKING US.....51
SMARTER OR DUMBER.....51
Quick facts.....54
FRIENDSHIP.....55
PRINCIPLES OF SUCCESS.....56

# പ്രളയം



എന്റെ സ്വപ്നങ്ങളെ പ്രളയമേ ,
എന്റെ ജീവിതയാനത്തെ കവർന്നെടുത്ത പ്രളയമേ ,
എന്റെ കൊച്ച് കൊച്ച് സന്തോഷത്തെ കവർന്നെടുത്ത പ്രളയമേ ,
എന്റെ കൊച്ച്  ഭവനത്തെ തകിടം മറിച്ച പ്രളയമേ ,
രാവും പകലും പണിയെടുത്ത് കുടുംബത്തെ -
പോറ്റുന്ന എന്നെ നീ ഒന്നുമല്ലാതാക്കിയല്ലോ പ്രളയമേ ,
എന്തിനു വന്നു നീ എൻ ജീവിതത്തിൽ ,
എന്ത് പാപമാ ഞാൻ ചെയ്തത്?
എന്റെ നാടിനെ എന്തിനു നീ നശിപ്പിച്ചു ,
എന്നാലും ഞങ്ങളതിനെയെല്ലാം അതിജീവിക്കും
പ്രളയമേ



അപർണ്ണ ലിജി

# പാവക്കുട്ടി



കടയിലിരിക്കും പാവക്കുട്ടി
കീ കീ കേൾക്കും പാവക്കുട്ടി
പിച്ചനടക്കും പാവക്കുട്ടി
സുന്ദരമായൊരു പാവക്കുട്ടി

ചന്തമുള്ളൊരുടുപ്പിട്ട്
നെറ്റിയിലൊരു പൊട്ടും തൊട്ട്
ഓടിനടക്കും പാവക്കുട്ടി
സുന്ദരിയായൊരു പാവക്കുട്ടി

കയ്യിലൊരു വളയുമിട്ട്
കാലിലൊരു കൊലുസുമിട്ട്
കൂടെ നടക്കും പാവക്കുട്ടി
സുന്ദരിയായൊരു പാവക്കുട്ടി

ഫർസാന

# അരൂക്കുറ്റി ചരിത്രത്തിലൂടെ



വേമ്പനാട്ടുകായലിൽ മൂന്ന് വശങ്ങളും ചുറ്റപ്പെട്ടു കിടക്കുന്ന പഴയ കരപ്പുറത്തിൻെറ (ചേർത്തല) വടക്ക്,കിഴക്ക്,പടിഞ്ഞാറ് ദിക്കുകൾ വേമ്പനാട്ടുകായലും തെക്ക് പാണാവള്ളി പഞ്ചായത്തുമാകുന്നു. *11* ചതുരശ്ര കിലോമീറ്ററാണ് വിസ്തീർണ്ണം. ഏകദേശം *260* വർഷങ്ങൾക്ക് മുൻപ് ഈ പ്രദേശം കൊച്ചീ രാജാവിൻെറ അധീനതയിൽ ആയിരുന്നു. എ.ഡി.*1750* ൽ മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ ദളവയായിരുന്ന രാമയ്യൻ ദളവയാണ്,തിരുവിതാംകൂറിൻെറ അതിർത്തിയായിരുന്ന ഇവിടെ ഒരു അതിരുകുറ്റി സ്ഥാപിച്ചത്. ഈ അതിരുകുറ്റിയുടെ നാമപരിണാമമാണ് അരൂക്കുറ്റി എന്ന് കരുതുന്നു.എ.ഡി.*1799* ൽ കരപ്പുറം പ്രദേശം കൊച്ചീരാജാവിന് തിരിച്ചുനൽകാൻ അന്നത്തെ മഹാരാജാവ് തയ്യാറായെങ്കിലും ദിവാനായിരുന്ന രാജാകേസവദാസിൻെറ ഭാഗമായി തന്നെ നിലനിന്നു. തിരുവിതാംകൂറിൻെറ വടക്കേ അതിർത്തിയായതിനാൽ അരൂക്കുറ്റി മർമ്മ പ്രധാനമായ ഭരണസിര കേന്ദ്രമായിരിന്നു. ഭരണാധികാരികൾക്ക് താമസിക്കാൻ എട്ട് കെട്ടോടുകൂടിയ കൊട്ടാരം,ചുങ്കം പിരിക്കാൻ ചൗക്ക,എക്സൈസ് കമ്മീഷണർ ഓഫീസ്,ജയിൽ,മജിസ്ട്രേറ്റ്,കച്ചേരി,പോലീസ്റ്റേഷൻ, ട്രഷറി,ആശുപത്രി,തുടങ്ങി

അനവധി സ്ഥാപനങ്ങൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരുന്നു. രാജഭരണം അവസാനിച്ചതോടെ ആശുപത്രി, വില്ലേജ് ഓഫീസ്, എന്നിവ ഒഴികെ എല്ലാ ഓഫീസുകളും ഇല്ലാതായി . *2002* ൽ അരുർ-അരൂക്കുറ്റിപാലം നിർമ്മിച്ചതോടെ അരൂക്കുറ്റിയിലെ ബസ്സ്റ്റാൻെറും ഇല്ലാതായി . പഴയ പ്രതാപത്തിൻെറ ചില അവശിഷ്ടങ്ങൾ ഇന്നും ഇവിടെയുണ്ട് .വളരെ പഴക്കമുള്ള അരൂക്കുറ്റിയിലെ പ്രഥമികാരോഗ്യ കേന്ദ്രം ഇതുവരേ നല്ല ആശുപത്രി ആക്കാൻ കഴിഞ്ഞിട്ടില്ല. അരൂക്കുറ്റിയും പെരുമ്പളവും ഉൾപ്പെടുന്ന മറ്റത്തിൽ ഭാഗം പഞ്ചായത്താണ് ആദ്യം നിലവിൽ വന്നത്. പിൽകാലത്ത് വേർപെട്ട് പെരുംമ്പളവും അരൂക്കുറ്റിയും രണ്ട് വ്യത്യസ്ത പഞ്ചായത്തുകളായി മാറി അങ്ങനെയാണ്അരൂക്കുറ്റി നിലവിൽ വന്നത്.



സുനൈന വി.എ.



# കേരളനാട്

ഞാനൊരു മലയാളി കേരളത്തിൽ വാഴും മലയാളി , എന്റെ കേരളമാണെന്റെ ഏറ്റവും വലിയ സ്വത്ത് ,കേരങ്ങൾ നിറഞ്ഞൊരു നാട് എന്റെ കേരളനാട് , എന്റെ കേരളനാടിൻ ഭാഷയാം മലയാളം , പാടവും , പറമ്പും , പുഴകളും നിറഞ്ഞൊരീ കേരളം .

പച്ചപ്പാർന്നൊരീ കേരളം ഇളം കാറ്റ് വീശുന്നൊരീ കേരളം .

കൃഷിഭൂമിയിൽ നാടൻ പാട്ടുകൾ പാടിപ്പാടി ഞാറ് നട്ടുന്നൊരീ കർഷകരുള്ളൊരീ കേരളം.

ദൈവത്തിന്റെ സ്വന്തം നാടായ കേരള നാട് എത്ര സുന്ദരം.



അപർണ്ണ ലിജി

# പൂച്ച



പാലുകുടിക്കും പൂച്ച

ഓടിനടക്കും പൂച്ച

എലി കണ്ടാൽ ഓടും പുറകേ

എനിക്കുണ്ടൊരു പൂച്ച

സുന്ദരി പൂച്ച

എന്നെ കണ്ടാൽ ഓടിവരും

എൻെറ പൂച്ച

മാളു പൂച്ച .



ഐഷാ ഫിദ

# കുയിൽ

കുയിലേ കുയിലേ വരുമോ നീ
എന്നടെ മുന്നിൽ വരുമോ നീ
നിന്നെ കാണാൻ കൊതിയാവും
എന്നടെ മുന്നിൽ വരുമോ നീ
ചില്ലക്കൊമ്പിലിരുന്നിട്ട്
എവിടെ പോയി പൂങ്കുയിലേ?
അയ്യോ കുയിലേ വന്നാട്ടെ
എന്നടെ മുന്നിലിരുന്നാട്ടെ
കുറുമ്പി കുയിലേ പൂങ്കുയിലേ
നിന്നെ കാണാനെന്തു രസം
കൂ കൂ കൂ കും നിന്നടെ പാട്ട്
കേൾക്കാനെന്തു രസമാണേ
പുള്ളിക്കുയിലേ പൂങ്കുയിലേ
വാ വാ കുയിലേ മാങ്കുയിലേ





അലാന ഫാത്തിമ

# കുയിലമ്മ

തേന്മലർ  കാട്ടിലെ കുയിലമ്മേ നീ

പാടാത്തതെന്തേ  ഈണത്തിൽ

പച്ചോലത്തുമ്പിലിരുന്നാട്ടൂ  നീ



ആടുന്ന താളത്തിൽ പാട്ടൂ നീ

കാറ്റത്താടുന്ന  ചില്ലതൻ മാറത്തെ

കൂട്ടിലിരിക്കുന്ന കുയിലമ്മേ

ആടാട്ടു  നീ ആടാട്ടു  നീ

പാടുന്ന താളത്തിൽ  ആടാട്

കെട്ടിയിരിക്കുന്ന പുള്ളിപ്പശുവിന്റെ

മുതുകിലിരുന്ന് നീ ആടാട്

ആടാട്ടൂ  നീ ആടാട്

ആടുന്ന  താളത്തിൽ പാട്ടൂ   നീ

തേൻമലർക്കാട്ടിലെ കള്ളിപ്പെണ്ണേ

നിന്റെ  പാട്ടൊന്ന് കേൾക്കാൻ കൊതിയുണ്ടേ



ജുമൈൽ ജമാൽ



# മലയാള അക്കങ്ങൾ

| | | |
|---|---|---|
| 1 | ൧ | ഒന്ന് |
| 2 | ൨ | രണ്ട് |
| 3 | ൩ | മൂന്ന് |
| 4 | ൪ | നാല് |
| 5 | ൫ | അഞ്ച് |
| 6 | ൬ | ആറ് |
| 7 | ൭ | ഏഴ് |
| 8 | ൮ | എട്ട് |
| 9 | ൯ | ഒൻപത് |
| 10 | ൰ | പത്ത് |



സുനൈന.വി.എ.

# രണ്ടാമൂഴം

സർവലോകത്തിലും ഏറ്റവും ശ്രേഷ്ഠമായ സംസ്കാരം ഉള്ള ഭാരതദേശത്തിൻെറ മഹദ്ഐക്യമാണ് മഹാഭാരതം. വ്യാസപ്രതിഭയുടെ അനശ്വരമായ ഈ സൃഷ്ടിയിൽ നിന്നും അടർത്തിയെടുത്ത ഒരു മഹദ്ഗ്രന്ഥമാണ് എം . ടി. വാസുദേവൻനായരുടെ "രണ്ടാമൂഴം". പാണ്ഡവരിൽ രണ്ടാമനും വായുപുത്രനുമായ ഭീമസേനൻെറ കഥയാണ് ദ്വാപരയുഗത്തിൻെറ പശ്ചാത്തലത്തിൽ എം.ടി അവതരിപ്പിക്കുന്നത്.

വ്യാസേതിഹാസത്തിൽ അജയ്യമായ ഒരു ശരീര പ്രത്യക്ഷത മാത്രമായി തോന്നിക്കുന്ന ഭീമൻെറ ആത്മഗതങ്ങളാണ് ഈ നോവലിൻെറ രൂപവും ഭാവവും നിർണ്ണയിക്കുന്നത് . അത്യുജ്ജ്വലമായ വാക്കുകൾ കൊണ്ട് എം.ടി. തീർക്കുന്ന വിസ്മയം നമ്മെ ദ്വാപരയുഗത്തിലെ ഭീമസേനനാക്കി മാറ്റുന്നു . കുട്ടിക്കാലവും, വനവീഥികളും , യുദ്ധവും യുഗാന്ത്യവുമെല്ലാം ഭീമൻെറ നേത്രങ്ങളിലൂടെ നാം കാണുന്നു , അനുഭവിക്കുന്നു . വ്യാസപ്രതിഭ നെറുകയിൽ തൊട്ടനുഗ്രഹിച്ച ഒരെഴുത്തുകാരനേ ഇത് സാധിക്കൂ .

ധർമ്മ പുനസ്ഥാപനത്തിലൂടെ നേടിയ എല്ലാ വിജയങ്ങൾക്കും പിന്നിൽ ഭീമൻ മാത്രം അവകാശപ്പെട്ട മിഴിനീരിൻെറ ഒരുറവിയുണ്ട് .

ഇതിഹാസത്തിൻെറ മന്നിലേക്ക് നടക്കാൻ അധികമൊന്നും അവസരം ലഭിക്കാത്ത ഭീമൻെറ ഏകാന്ത വ്യഥകൾക്ക് എം.ടി വാക്കുകൾ കണ്ടെത്തിയപ്പോൾ നമ്മുക്ക് പരിചിതമായ പല നന്മകളും തിന്മകളായിരുന്നുവെന്നും, നീതിയുടെ വേരുകൾ ശരിയാകുന്നത് അനീതിയുടെ ചതുപ്പിലാണെന്നും നമുക്ക് മനസ്സിലാകുന്നത്. ധർമ്മം , സത്യം , എന്നത് സദാ നിലകൊള്ളുമെന്നും നമ്മുക്ക് മനസ്സിലാകുന്നു .

ഈ പുസ്തകം വായിക്കുന്നതിലൂടെ ഇതിഹാസത്തിൻെറ അതിർവരമ്പുകളില്ലാതെ സത്യത്തെ നാം കാണുന്നു . രണ്ടാമൂഴം വായിച്ച് ഏവരും നമ്മുടെ പൂർവ്വികരെപറ്റി അറിയുക . നമ്മുടെ ഐതിഹ്യം മനസ്സിലാക്കി സദാ സത്യത്തിൻെറ പാതയിലൂടെ മുന്നേറുക.

വിസ്മയ



# എൻെറ നാട്

കൊച്ചരുവി ഒഴുകും പച്ചപ്പ് കുതിച്ച് ഉയരും

നിലകളിൽ നിന്നുയരും എൻ നാട്

കായലാൽ വാർന്നൊഴുകും പുഴകളും

കേരങ്ങൾ തിങ്ങും മലർകനികളും

സുപ്രഭാത ഭക്തിതൻ പാട്ടിൻെറ-

ഈണമാർന്ന വരികൾ മനസ്സിലും

കൊച്ചു കൊച്ചു കുന്നിൻ ചെരിവിൽ-

ജീവിതമാർന്ന പൊൻ കുടിലും.

കാലക്രമേണ പച്ചപ്പുയർന്നു-

നിൽക്കുന്ന എൻെറ സ്വന്തം നാട്

കൊച്ചു വയിലിൻ ചെരുവിലും

കായലുകളിലും തോടുകളിലും

കനികൾ തൂങ്ങി കിടക്കും മരച്ചില്ലയിലും.

ഉണ്ടെൻ പ്രിയ കൂട്ടുകാർ
താമരപ്പൂ തലയുയർത്തി നിൽക്കും
മഹത്വം വിളിച്ചോതിടും നാടൻ പാട്ട്
പൊട്ടിപ്പുറപ്പെട്ടത് എൻെറ നാട്ടിൽ

വയലാൽ കൊയ്തെടുത്ത
പുഞ്ചപ്പാടവും
അതിൻെറ വക്കിൽ അതിമനോഹരമായ്
ആർത്തുല്ലസിക്കും പൂങ്കാറ്റും
മാനസ സരസ്സിൽ മതിമറന്നു.



ഖൈറുന്നിസ

# മദ്യം മയക്കു മരുന്ന്

# യുവതലമുറയുടെ വെല്ലുവിളികൾ



കേരളം ദൈവത്തിന്റെ സ്വന്തം നാട് . പ്രകൃതി രമണീയതയും വിദ്യാഭ്യാസ പുരോഗതിയുമെല്ലാം കൈകോർക്കുന്ന സുലഭസുന്ദരമായ- നാട്.കേരളീയരിലാ- രെയും പുളകം കൊള്ളിക്കുന്ന, മാലോ- കർക്കു മുന്നിൽ കേരളത്തിന്റെ യശസ്സുയർത്തിക്കാട്ടുന്ന വികസ്വര രാഷ്ട്രത്തിലെ വികസിത സംസ്ഥാനമെന്ന് കേരളത്തിന് സ്ഥാനം നൽകുന്ന ഇത്തര വിശേഷണങ്ങൾ എല്ലാം ഇന്ന് കറ പുരണ്ടുകൊണ്ടിരിക്കുകയാണ് . ദൈവത്തിന്റെ സ്വന്തം നാട്ടിലെ വിദ്യാസമ്പന്നരെല്ലാം സാക്ഷരരാകും തോറും കൂടുതൽ രാക്ഷസരാകുന്ന തെറ്റിലേക്ക് നയിക്കപ്പെടുന്ന വേദനാജനകമായ കാഴ്ച കാണേണ്ട ഒരവസ്ഥയിലാണിന്ന് നാം.

കേരളത്തിന്റെ മാത്രമല്ല , ലോകത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളുടേയും

ഭാവിനാശം ഉറപ്പുവരുത്തുന്ന വിധത്തിൽ ആധുനിക തലമുറ മദ്യത്തിലൂടെയും , മയക്കമരുന്നിലൂടെയും മെല്ലെ മെല്ലെ തിന്മകൊണ്ടുള്ള സർവ്വനാശത്തിലേക്ക് നടന്ന് കൊണ്ടിരിക്കുകയാണ്. ദൈവത്തിൻെറ സ്വന്തം നാടിന് "കുടിയന്മാരുടെ സ്വന്തം നാട് " എന്ന വിശേഷണം ഈയിടെയായി കേട്ടുവരുന്നത് ഇതിൻെറ ഏറ്റവും പ്രത്യക്ഷമായ ഒരുദാഹരണമാണ് .

ഇന്ന് വെറും നാലാം തരത്തിലും മൂന്നാം തരത്തിലും പഠിക്കുന്ന കേവലം പിഞ്ചുകുഞ്ഞുങ്ങൾ പോലും 'ഹരിശ്രീ' കുറിക്കുന്ന ലാഘവത്തോടെ മയക്കമരുന്നിൻെറയും ലഹരികളുടെയും മായാലോകത്തിലേക്ക് കാലെടുത്ത് വെക്കാൻ സൗകര്യമൊരുക്കുന്ന സംവിധാനങ്ങളാണ് ഇന്ന് നമുക്ക് ചുറ്റുമുള്ളത് . ഇതൊന്നും സർകാർ നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമില്ല . ഹാൻസും, പാൻമസാലയും, പരസ്യമായി തൂക്കിയിട്ട് വിൽകുന്ന കടകൾക്ക് ഇന്ന് വിദ്യാലയങ്ങൾക്കു മുന്നിൽ നിന്നും അപ്രതീക്ഷിതമായത്ര ലാഭം കൊയ്യാനാകുന്നു . കൂട്ടുകാരുമായി ബറ്റവച്ചും തൻെറകരുത്ത് തെളിയിക്കാനുള്ള ഒരു വെല്ലുവിളി എന്ന നിലയിലും പിഞ്ചുകുഞ്ഞുങ്ങൾ അത്തരം ലഹരിപദാർത്ഥങ്ങൾ വാങ്ങി നുണഞ്ഞ് ഒരുവലിയ ചൂഷണത്തിന് പാത്രങ്ങളായി മാറുന്നു .

നാളയുടെ വാഗ്ദാനങ്ങളായ , ഭാവിസമൂഹത്തിൻെറ നേതാക്കളാവേണ്ട ഇന്നിൻെറ മക്കൾ ഇത്തരത്തിൽ ലഹരിപദാർത്ഥങ്ങളുടെ രുചിയറിഞ്ഞ് കഴിഞ്ഞാൽ അവരുടെ യുവത്വത്തിലെത്തുമ്പോൾ നാടിനും നാട്ടുകാർക്കും ശാപമായിമാറുകയും ചെയ്യുന്നു.

മയക്കമരുന്നിനോടൊപ്പം മദ്യത്തിൻെറ രുചിയും ഇന്നത്തെ തലമുറയെ അത്യന്തം ആകർഷിക്കുന്നതും തെറ്റിലേക്ക് നയിക്കുന്നതുമാണ് . ആദ്യമൊക്കെ ഒരു തമാശക്ക് ആ ദൂഷിച്ച പാനീയത്തിൻെറ രുചിയറിഞ്ഞ് കഴിഞ്ഞാൽ പിന്നെ അതില്ലാതെ ഒരുനിമിഷം പോലും ജീവിതം മുന്നോട്ട് തള്ളിനീക്കാനാവില്ലെന്ന ഒരവസ്ഥയിലേക്ക് നീങ്ങുകയായി യുവതലമുറ . ആസ്വാദനത്തിൻെറ അടിച്ചുപൊളിയുടെ ലോകത്ത് ജീവിക്കാൻ ഇഷ്ടപ്പെടുന്ന യുവതലമുറ നിയമം മൂലം അനധികൃത വില്പന നിരോധിക്കപ്പെട്ടിട്ടും ഇത്തരത്തിൽ

പൈശാചികതയുടെ ഒരർത്ഥത്തിൽ സാമ്രാജ്യത്യ അധിനിവേശത്തിൻെറ

തിക്ത ഫലമായി തങ്ങൾക്ക് ചുറ്റും വന്ന് നിറയുന്ന മദ്യത്തിലേക്ക്

മയക്കുമരുന്നിലേക്കും സ്വയം തിരി- ച്ചറിയാതെ തന്നെ, ആരുടെ യൊക്കെ- യോ ചതിക്കുഴികളുടെ ഫലമായി

ചെന്നു വീണു പോവുകയാണ് . വീണുകഴിഞ്ഞാൽ, അതിലകപ്പെട്ടുകഴിഞ്ഞാൽ ഒരിക്കലും രക്ഷപെടാൻ കഴിയാത്തത്ര ബലി- ഷ്ഠമായ ചങ്ങലകൾ കൊണ്ട് മദ്യവും മയക്കുമരുന്നും അതിൻെറ ലോകത്തിൽ ആ യുവത്വങ്ങളെ തളച്ചിടുന്നു . യഥാർത്ഥത്തിൽ യുവ തലമുറയെ അലട്ടുന്ന ഒരു ഭയങ്കര വെല്ലുവിളി തന്നെയാണിത് .

ഇന്ന് ലോകത്തിൽ വർദ്ധിച്ച് വരുന്ന അക്രമ സംഭവങ്ങളിലെല്ലാം ;കളവ് , കൊല , സ്ത്രീ ജനങ്ങൾക്കു നേരെയുള്ള വ്യത്യസ്തങ്ങളായ രീതിയിലുള്ള പീഡനങ്ങൾ തുടങ്ങിയവയെല്ലാം യുവതലമുറയുടെ വലിയ ഒരു പങ്കാളിത്തം നമുക്ക്

ദർശിക്കാനാവും . ഇതിൻെറയെല്ലാം അടിസ്ഥാനം മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും വർദ്ധിച്ചുവരുന്ന ഉപയോഗം തന്നെയാണ് . ഇത്തരം വസ്തുക്കൾ യുവതലമുറയുടെ ആരോഗ്യത്തോടൊപ്പം അവരുടെ ധാർമിക മൂല്യങ്ങളെയും കൊല്ലുന്നു. തന്മൂലം സ്നേഹം , ദയ, അനുകമ്പ ദർശിക്കാനാവും . ഇതിൻെറയെല്ലാം അടിസ്ഥാനം മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും വർദ്ധിച്ചുവരുന്ന ഉപയോഗം തന്നെയാണ് . ഇത്തരം വസ്തുക്കൾ യുവതലമുറയുടെ ആരോഗ്യത്തോടൊപ്പം അവരുടെ ധാർമിക മൂല്യങ്ങളെയും കൊല്ലുന്നു. തന്മൂലം സ്നേഹം , ദയ, അനുകമ്പ തുടങ്ങിയവ അവരിൽ നിന്നകന്ന പകരം ഈ ലോകത്തോട് തന്നെയാകമാനം പകയും , വിദ്വേഷവും അവരുടെ മനസ്സുകളിൽ നിറയുന്നു. ഇത് നാടിൻെറ പുരോഗതിക്ക് മാത്രമല്ല തടയിടുന്നത്. ഒപ്പം മുഴുവൻ പൈശാചികത നിറഞ്ഞ ക്രമ സമാധാനമെന്നൊന്നില്ലാതെ ഒരുലോകത്തിൻെറ സൃഷ്ടിപ്പിലേക്ക് തുടങ്ങിയവ അവരിൽ നിന്നകന്ന പകരം ഈ ലോകത്തോട് തന്നെയാകമാനം പകയും , വിദ്വേഷവും അവരുടെ മനസ്സുകളിൽ നിറയുന്നു. ഇത് നാടിൻെറ പുരോഗതിക്ക് മാത്രമല്ല തടയിടുന്നത്. ഒപ്പം മുഴുവൻ പൈശാചികത നിറഞ്ഞ ക്രമ സമാധാനമെന്നൊന്നില്ലാതെ

ഒരുലോകത്തിൻെറ സൃഷ്ടിപ്പിലേക്ക്
കൂടിയാണ് വഴി തെളിയിക്കുന്നത്.

ഇതെല്ലാം നാം തിരിച്ചറിയണം. അങ്ങനെ നമ്മുടെ യുവതലമുറയുടെ രക്ഷക്കായി ഈ മദ്യത്തിനും മയക്കുമരുന്നിനു മൊക്കെ-യെതിരായി ഇനി ഫലപ്രദമായ നിയമങ്ങൾ കൊണ്ടുവരുകയും അവ നടപ്പിലാക്കുകയും വേണം. 'ലോക മയക്കുമരുന്ന് വിരുദ്ധ ദിനം ' പോലുള്ളവയെ വെറും പേരുകളിൽ മാത്രം ഒതുക്കി നിർത്താതെ മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും ഉപയോഗം പാടെ വർജ്ജിക്കുന്ന തരത്തിൽ ബോധവൽക്കരണങ്ങളും മറ്റും സംഘടിപ്പിച്ച് കൂടുതൽ അർത്ഥവ-ത്താക്കി മാറ്റണം. ഈ വെല്ലുവിളിയെ ശരിയായ രീതിയിൽ നേരിടാൻ യുവതലമുറയെ പ്രാപ്തമാക്കണം. അതേ യുവതലമുറയെ ഈ മുദ്രാഗീതം ഏറ്റുചൊല്ലാൻ പ്രാപ്തരാക്കണം .

"നമ്മളെന്തു ചെയ്യണം
നമ്മൾ നിശ്ചയിക്കണം
നമ്മൾ നിശ്ചയിച്ചു വെച്ച്
മദ്യ-മയക്കുമരുന്നുകൾ
പാടെ ഒഴിവാക്കണം
ലോകത്തിൻെറ നന്മക്കായ്
പാടെ ഒഴിവാക്കണം......"

സുമയ്യ



# മരത്തെ കുറിച്ച് മഹാന്മാർ

*ഒരു മരം മരിച്ചാൽ ആസ്ഥാനത്ത് മറ്റൊന്നിനെ നടുക. കാൾ ലിനേയസ്

* മരങ്ങളും വള്ളികളും മൃഗങ്ങളുമൊക്കെയാണ് മനുഷ്യൻെറ ഉറ്റ ബന്ധുക്കൾ.

-ശ്രീബുദ്ധൻ

* ഞാൻ നാളെ മരിക്കുമെന്നറിഞ്ഞാലും ഇന്ന് ഞാനൊരു മരം നട്ടും .

-സ്റ്റീഫൻ ജിറാഡ്

* സ്വർഗ്ഗത്തോട് സംവധിക്കാനുള്ള ഭൂമിയുടെഒടുങ്ങാത്ത അഭിനിവേശമാണ് മരങ്ങൾ. -രവീന്ദ്രനാഥ ടാഗോർ

* ഭൂമി ആകാശത്തിലെഴുതിയ കാവ്യങ്ങളാണ് മരങ്ങൾ, അതിനെ വെട്ടിയെടുത്തു കടലാസാക്കി അതിൽ നാം സ്വന്തം പൊള്ളത്തരങ്ങൾ എഴുതിപിടിപ്പിക്കുന്നു. -ഖലീൽ ജിബ്രാൻ.

അശ്വതി

# ക്വിസ്സ്



1. മരുഭൂമിയിൽ ജലസാന്നിദ്ധ്യം ഉള്ള സ്ഥലം?
   ഡെൽറ്റ
2. ഇന്ത്യ എന്ന പേരിന് ആധാരമായ നദി?
   ഗംഗ
3. പഥേർ പാഞ്ചാലി എന്ന സിനിമയുടെ സംവിധായകൻ?
   സത്യജിത് റേ
4. ഇംഗ്ലീഷ് ചാനൽ നീന്തി കടന്ന പ്രഥമ ഇന്ത്യൻ വനിത?
   ആരതി സാഹ
5. നാട്യശാസ്ത്രം രചിച്ചതാര്?
   ഭരത മുനി

'6. വിളക്കേന്തിയ വനിത ' എന്ന പേരിലറിയപ്പെടുന്ന വ്യക്തി?
   ഫ്ലോറൻസ് നൈറ്റിംഗേൾ

7. ഇന്ത്യയുടെ സൂപ്പർ കമ്പ്യൂട്ടർ?
   പരം
8. പറക്കും സിംഗ് എന്ന പേരിലറിയപ്പെടുന്ന വ്യക്തി?
   വിൽഖാസിംഗ്
9. എറ്റവും വലിയ പക്ഷിക്കൂട് ഏത് പേരിലാണറിയപ്പെടുന്നത്?
   ഐറിസ്

**അറിവ് ആയുധമാക്കുക**



ആയിഷ ഫിദ



# സായാഹ്നം

സൂര്യൻ അസ്തമിക്കുമീ സായാഹ്നത്തിൽ,
പൂവേ നീയും വാടുകയാണോ,
എന്നെ തനിച്ചാക്കി പോവുകയാണോ,
പൂവേ നീ ഈ സായാഹ്നത്തിൽ,

സൂര്യൻ അസ്തമിക്കുമീ സായാഹ്നം,
കിളിയേ നീയും പോവുകയാണോ,
എന്നെ നീയും തനിച്ചാക്കുകയോ,
കിളിയേ നീയും തനിച്ചാക്കുകയോ,

ഈ സായാഹ്നത്തിൽ എന്നെ തനിച്ചാക്കി,
നിങ്ങളെങ്ങു പോകുന്നു.....അമ്മേ-
നീയും എന്നെ പിരിയുന്നു,
ഈ മനോഹര സായാഹ്നത്തിൽ,

ഈ സായാഹ്നസന്ധ്യയുടെ വെളിച്ചത്തിൽ-
ഏകയായി ഞാൻ നിൽക്കുന്നു,

ദൈവമേ, നീ എൻ അരികിലുണ്ടാകണേ,
നിന്നിലേക്ക് ഞാനിതാ വരുന്നു,
ഈ സായാഹ്നത്തിൽ ...........



നസ്റിൻ

# പൂക്കാലം കഴിഞ്ഞപ്പോൾ



പൂക്കാലം കഴിഞ്ഞപ്പോൾ,
പൂവുകൾ എല്ലാം ഇതൾ ചുരുക്കി,
പൂവുകൾ എല്ലാം കരിഞ്ഞുതുടങ്ങി,
കുട്ടികളൊക്കെ ദുഃഖത്തിലായി,
ആകെ വിഷമം,ആകെ വിഷമം.

വസന്തകാലം കഴിഞ്ഞു,
മന്ദമാരുതൻ കുളിർമ ചുരുക്കി,
പറവ-ശലഭങ്ങൾ മാനത്തില്ല,
കുട്ടികൾക്കെല്ലാം പിന്നെയും
വിഷമം
ആകെ സങ്കടം,ആകെ സങ്കടം

കാർമേഘങ്ങൾ ചിണുങ്ങി-
ചിണുങ്ങി പെയ്തുകൊണ്ടിരിക്കുന്നു,
മുറ്റത്തിറങ്ങാൻ കഴിയുന്നില്ല,
കുട്ടികൾക്കെല്ലാം പിന്നെയും സങ്കടം
ആകെ ദുഃഖം,ആകെ ദുഃഖം

മാമ്പൂവുകൾ വിടർന്നു തുടങ്ങി,
കണ്ണിമാങ്ങകൾ വീണു തുടങ്ങി,
കുട്ടികളെല്ലാം മാവിൻ ചുവട്ടിൽ,
കുട്ടികൾക്കെല്ലാം സന്തോഷമായി.



നജാ ഫാത്തിമ

# പ്ലാസ്റ്റിക്ക് വിമുക്ത കേരളം

# സ്വപ്നമോ യാഥാർത്ഥ്യമോ ?

നമ്മൾ ഇന്ന് ഏറ്റവും അധികമുപയോഗിക്കുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക്ക്.ഒരു ദിവസം ഒരു പ്ലാസ്റ്റിക്ക് കവറെങ്കിലും ചെല്ലാത്ത വീടുകളില്ല.എന്നാൽ,നേരത്തെ ഇതായിരുന്നില്ല സ്ഥിതി.പ്ലാസ്റ്റിക്ക് കണ്ടുപിടിക്കുന്നതിന് മുമ്പ് ആളുകൾ കഴിഞ്ഞതെങ്ങനെയാണ്? അന്ന് സാധനങ്ങൾ പൊതിയാൻ കടലാസ്, ഇല മുതലായവയാണ് ഉപയോഗിച്ചിരുന്നത്.അതെല്ലാം നമ്മുടെ പ്രകൃതിക്ക് യോജിച്ചതായിരുന്നു. അന്ന് രോഗങ്ങൾ കുറവായിരുന്നു.എന്നാൽ ,പ്ലാസ്റ്റിക്ക് കണ്ടുപിടിച്ചതോടെ
നമ്മുടെ ജീവിതത്തിൻെറ എല്ലാ മേഘലകളിലും അതിൻെറ ആധിപത്യം കൂടി വരുകയാണ് ഉണ്ടായത്.സാധനങ്ങൾ എളുപ്പത്തിൽ വിറ്റഴിക്കാൻ




വേണ്ടി കടക്കാർ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് തുടങ്ങി. സാധങ്ങൾ വീട്ടിലെത്തിച്ച് കഴിഞ്ഞാൽ കവർ നമ്മുടെ പരിസരത്ത് വലിച്ചെറിയുകയാണ് പതിവ്. അങ്ങനെ നമ്മുടെ പരിസരത്ത് പ്ലാസ്റ്റിക്കിൻെറ കൂമ്പാരമാണ് കാണുന്നത്. മണ്ണിൽ ലയിക്കാത്ത പ്ലാസ്റ്റിക്ക് ഭൂമിക്ക് ദോഷം വരുത്തുന്നു. ഇങ്ങനെ പ്ലാസ്റ്റിക്ക് എന്ന വില്ലൻ ഭൂമിക്ക് ഭീഷണിയായി മാറിയിരിക്കുകയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലുമെല്ലാം ഇന്ന് പൊതുജന സഹകരത്തോടെ പ്ലാസ്റ്റിക്ക് നിർമാജനയജ്ഞം ആരംഭിച്ചിരിക്കുകയാണ്. എന്തുകൊണ്ട് നമ്മുടെ വിദ്യാലയം പ്ലാസ്റ്റിക്ക് വിമുക്തമാക്കി കൂടാ? മുപ്പത് മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിൻെറ വിൽപ്പനയും ഉപയോഗവും സർക്കാർ നിരോധിച്ചിട്ടുണ്ട്. അതുകൊണ്ടുമാത്രമല്ല, നാമൊത്തൊരുമിച്ച് പ്രവർത്തിച്ചാലെ ലക്ഷത്തിലെത്താനാകൂ. നമ്മുടെ ആരോഗ്യത്തിന് ഭീഷണിയായിരിക്കുന്ന വില്ലനെ ഒഴിവാക്കുന്നതോടെ പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയം എന്നത് യാഥാർത്ഥ്യമാക്കാം. ഓരോ കുട്ടിയും ദിവസവും ഉരുവിടേണ്ടത് പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയം എന്നാകട്ടെ. അങ്ങനെ എളിയ പ്രവർത്തിയിലൂടെ രാജ്യത്തെ വലിയ യജ്ഞത്തിൽ നമുക്കും പങ്കുചേരാം.

ഹാജറ

# ഓർമ്മയിലെ ബാല്യം

ചാറ്റലായ് വന്ന എനിക്ക് എന്നും
എൻറ്റയാ ബാല്യകാലം
ആടിയും പാടിയും ചാടി
തിമിർത്തൊരു
പെരു മഴക്കാലം
എങ്കിലും ഞാൻ അറിയാതെ
കടന്നു പോകയാണ് പേമാരി



എൻെറ മഴക്കാല പക്ഷികൾ
ചിറകടിച്ച് എങ്ങ് ഉയർന്ന് പോയി
മഴയിൽ കിലുങ്ങുന്ന ആ
മഞ്ചാടി കൊഞ്ചൽ എങ്ങ് മറഞ്ഞ് പോയി
എങ്കിലും ഞാൻ അറിയാതെ
പെയ്തു പോകയാണ് പേമാരി

എൻ ബാല്യം ഓർമ്മയിലെ
പുസ്തകത്താളായ് കൊഴിഞ്ഞ് പോയി
എൻ സ്വപ്ന സാഗരം ഒഴുകുന്ന
നദിയും നിലക്കാത്ത താളമായ്

ജിനി

# അമ്മ




ഉണ്മയായ് വെണ്മയായ്
നറു നിലാവായ് അറിവായ്
എന്നിലൊഴിയാതെ
പെയ്യുന്ന കനിവായ്
കാഴ്ചക്കുമപ്പുറം കാഴ്ചയായ്
വാക്കായി വരനായ്
എന്നിലെ നേരായ് നെറിയായ്
സപ്ത സ്വരലയമായ താളമായി
വിളക്കിൻെറ ദീപ്തി പോൽ
നിറയുന്ന സത്യമാണെൻ
അമ്മ!!!

ആത്തിഫ

# ഹൈമവഭൂവിൽ

ഏറെ നാളായുള്ള ആഗ്രഹമായിരുന്ന ഹൈമവഭൂവിൽ എന്ന യാത്രാവിവരണം വായിക്കണമെന്നത്. അതുകൊണ്ട് തന്നെ വളരെ കൊതിയോടുകൂടിയാണ് ആ പുസ്തകത്തിലെ ഓരോ വരികളിലൂടെയും ഞാൻ കടന്നുപോയത്. ഏറ്റവും മികച്ച യാത്രനുഭവ രചനയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ എം.പി.വിരേന്ദ്രകുമാർ ആണ് ഹൈമവഭൂവിൽ എന്ന യാത്രാവിവരണഗ്രന്ഥം രചിച്ചത്. ഈ കൃതിയിലൂടെ യാത്രാനുഭവങ്ങൾക്ക് വിചിത്രമാനങ്ങൾ നൽകുകയാണ് എം.പി.വിരേന്ദ്രകുമാർ. ഹൈമവഭൂവിൽ കേവലം യാത്രാവിവരണഗ്രന്ഥം മാത്രമല്ല,സമ്പന്നവും




വൈവിധ്യവുമാർന്ന ഭാരതീയ സംസ്കൃതിയിലേക്കുള്ള അന്വേഷണം കൂടിയാണ്.

പൗരാണിക ഇന്ദ്രപ്രസ്ഥാനവും ഹിമാലയഗിരിനിരകളുടെ അത്യാകർഷകമായ സൗന്ദര്യവും മുഗൾ സാമ്രാജ്യവും നവദില്ലിയുടെ ശില്പവൈഭവവുമെല്ലാം ഈ യാത്രാവിവരണഗ്രന്ഥം ഹൃദ്യമായ് പരാമർശിക്കപ്പെടുന്നുണ്ട്.യമുനോത്രി, ഗംഗോത്രി, കേദാർനാഥ്,ബദരീനാഥ് തുടങ്ങിയ ചതുർധാമങ്ങൾ സ്ഥിതിചെയ്യുന്ന ഹിമാലപർവ്വതനിരകളെയും താഴ്വാരങ്ങളെയും അവയിലൂടെയൊഴുകുന്ന നദികളെയുമൊക്കെ ബന്ധപ്പെടുന്ന ഐതിഹ്യങ്ങളും നാടോടിക്കഥകളും നാടൻപാട്ടുകളും നൃത്തരൂപങ്ങളുടെ വായനക്കാർക്ക് പുത്തനറിവുകൾ പകരുന്നു. രാമനും സീതയും കൃഷ്ണനും രാധയും ശിവനും പാർവ്വതിയും മുതൽ പറയിപെറ്റപന്തിരുകുലം അവരുടെ വാനസ്ഥാനങ്ങളും വരെ ഈ രചനയുടെ പ്രൗഢി വർദ്ധിപ്പിക്കുന്നു.

ഹിമാലയ പർവ്വതപ്രദേശങ്ങളുടെ മനോഹാരിതയും താഴ്വാരകളിലെ നിശബ്ദതയെ തൊട്ടുരുമ്മുന്ന ഇളംകാറ്റും എന്റെ വീട്ടിലെ കൊച്ചുമുറിക്കുള്ളിലിരുന്ന് എനിക്ക് ആസ്വദിക്കാൻ സാധിച്ചു . ചെങ്കുത്തായ മലനിരകളിലൂടെ കുതിരപ്പുറത്തേറുന്നതും അതികഠിനമായ തണുപ്പിനെ ശമിപ്പിക്കാൻ പ്രകൃതിദത്തമായ തപ്തകുണ്ഡത്തിൽ സ്നാനം ചെയ്യുന്നതുമൊക്കെ രചയിതാവിന്റെ തൂലികയിലൂടെ വായനക്കാർക്ക് അനുഭവിച്ചറിയാൻ സാധിക്കുന്നുണ്ട്. യാത്രാവേളയിൽ യാത്രികന് സഹിക്കേണ്ടിവന്ന കഷ്ടതകളും ഇവിടെ

പ്രത്യേകമായ് പരാമർശിക്കുന്നുണ്ട്. കാലപ്രവാഹത്തിലൊഴുകുന്ന നദികളുടെ രാഗതാളലയവും പാശ്ചാത്യസംസ്കാരങ്ങളുടെ വിഭിന്നതയും ഇവിടെ മിന്നിമറയുന്നുണ്ട്.

ഗംഗയും യമുനയും ഭാരതപ്പുഴയുമടക്കമുള്ള നദികൾ വാണിജ്യതാത്പര്യങ്ങൾക്കനുസരിച്ച് ഇല്ലാതാക്കുന്നുവെന്ന യാഥാർത്ഥ്യവും ഈ കൃതി നമ്മെ ബോധിപ്പിക്കുന്നുണ്ട്. ശുദ്ധജലത്തിന്റെ ലഭ്യതക്കുറവും വനനശീകരണം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങളും രചനയിലൂടെ ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട്.

ഈ പുസ്തകവായനയിലൂടെ വായനക്കാർക്ക് ലഭിക്കുന്ന അറിവ് എല്ലാവരുടേയും ജീവിതത്തിൽ വളരെ വലിയ അനുഭവസമ്പത്തായി മാറുമെന്നതിൽ സംശയമില്ല. ഭാരതത്തിന്റെ വൈവിധ്യത്തെയും സംസ്കാരത്തെയുംകുറിച്ച് ഓരോ ഭാരതീയനും ആഴത്തിലുള്ള ജ്ഞാനമുണ്ടായിരിക്കേണ്ടതാണ്. അതിന് ഈ യാത്രാവിവരണഗ്രന്ഥം തീർച്ചയായും പ്രയോജനപ്പെടും. ഈ പുസ്തകം വായിച്ചശേഷം ഭാരതത്തിന്റെ ചരിത്രസ്മരണകൾ പകർന്നു നൽകുന്ന അതിമനോഹരമായ ആ ദേവഭൂമിയിലേക്ക് നേരിട്ട് പോയ പ്രതീതിയാണെനിക്ക്.



സ്വരഗംഗ എസ്

# ആഹാരരീതികളും ആരോഗ്യവും

ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് അന്നപൂർണ്ണേശ്വരി കനിഞ്ഞു നൽകിയ വരദാനമാണ് ഭക്ഷണം.ജീവന്റെ നിലനിൽപ്പിനായി അരുളിയ വരം ഇന്ന് മനുഷ്യരുടെ ജീവനുഭീഷണിയായി മാറിയിരിക്കുകയാണ്.

" എങ്ങനെയാണ് ആഹാരം നമ്മുടെ ആരോഗ്യത്തെ നിയന്ത്രിക്കുന്നത്?" ആവിശ്യത്തിനു കഴിക്കുമ്പോൾ ആവശ്യമുള്ളതും,ആവശ്യമില്ലതെ കഴിക്കുമ്പോൾ ആനാവശ്യവുമായ ഒന്നാണ് ആഹാരം. ഇന്നത്തെ തലമുറക്ക് വീട്ടിലുണ്ടാക്കുന്നതിലെക്കാൾ പുറത്തുപോയി ഭക്ഷണശാലകളിൽ നിന്നും വാങ്ങിക്കഴിക്കുന്നതാണ് പ്രിയം,എന്നാൽ,ഇതുകൊണ്ടുണ്ടാവുന്ന ദൂഷ്യഫലങ്ങളെപ്പറ്റി അവർ ചിന്തിക്കുന്നില്ല.ഭക്ഷണശാലകളിൽ നിന്നും വാങ്ങിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ എന്തൊക്കെ മായം കലർത്തിയാണ് അവർ നൽകുന്നതെന്ന ബോധം ആർക്കും തന്നെയില്ല.അവയിൽ ചെർത്തിരിക്കുന്ന അജ്നോമോട്ടോ പോലുള്ള രാസഥവസ്ഥുക്കളും, മനുഷ്യനിർമിത നിറംനൽക്കുന്ന പദാർത്ഥങ്ങളും ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്ക് നമ്മെ ഇരയാക്കുന്നു.ഈ സാധനങ്ങളൊകകെ വാങ്ങിക്കുന്ന നാം ഓരോരുത്തരും അറിയുന്നില്ല,അവ എങ്ങനെ ഉണ്ടക്കിയതാണെന്നും.ഭക്ഷണശാലയുടെ വലിപ്പവും,രുചിയുടെ മേന്മയുമാണ് നാം നോക്കുന്നത്.അവകൾ ആണ് നാം ഓരേരുത്തരെയും അവയിലേക്ക് ആകർഷിക്കുന്നത്.രുചിക്കുപിന്നിൽ ഒളിഞ്ഞിരിക്കുന്ന ശത്രുവിനെ നാം കാണുന്നില്ല.കാണുന്നുണ്ട എങ്കിൽ കണ്ടില്ല എന്ന് നടിക്കും.ഓരേ ഭക്ഷണശാലകളിലെയും അടുക്കളകളിൽ ചെന്നു നോക്കിയാലറിയാം നമ്മുടെ ആയുസ് എത്ര ബാക്കിയുണ്ടന്ന്."ഫുഡ് ആന്റ സേഫ്റ്റി' അധികൃതർ വന്നു പൂട്ടിച്ച ഭക്ഷണശാലകളിൽ ഭൂരിഭാഗവും അടുത്തദിവസം തന്നെ പ്രവർത്തനം ആരഭിക്കുന്നത് കാണാം.നാം തന്നെ അവിടെ ചെന്ന് ഭക്ഷണം കഴിക്കുകയും ചെയ്യും.കയറുന്ന എല്ലാ ഭക്ഷണശാലയിലും കാണാം "ഫുഡ് ആന്റ സേഫ്റ്റി' യുടെ അംഗീകാരം ലഭിച്ച ഒരു ഫോട്ടയും പത്രികയും എന്നാൽ അതിലും നാം ചതിക്കപ്പെട്ടേക്കാം.പണ്ട് ദൂരദേശങ്ങളിൽ നിന്നു വരുന്ന ദേശാടകർക്കും,വിദേശർക്കും ആശ്വസത്തിനായി തുടങ്ങിയതാണ് ചെറുകിടചായക്കടകളും,തട്ടുകടകളും.എന്നാൽ,ഇന്ന് അടുപ്പിച്ചടുപ്പിച്ച് റോഡുകളിൽ നിരന്നിരിക്കുകയാണ് ഭക്ഷണശാലകളുടെ

പരസ്യം.അത് ഇന്ന് വലിയൊരു സംരംഭമായി മാറിയിരിക്കുകയാണ്.പണ്ട്ദൂരദേശക്കാരുടെ വിശപ്പിനുപരിഹാരമായിവന്ന ഭക്ഷണശാലകൾ ഇന്ന് മറ്റുള്ളവരുടെ വിശപ്പും ദാഹവും വിറ്റ് പണമുണ്ടാക്കുകയാണ്.




ഭക്ഷണശാലകൾ മാത്രമല്ല,ഇന്നത്തെ തലമുറയുടെ ശാപം വീട്ടിൽ പാചകാവശ്യത്തിനായി മേടിക്കുന്ന പച്ചക്കറികളും ഇന്നുണ്ടാകുന്ന പല ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാണ്. എഡോസൽഫാൻ പോലെയുള്ള രാസവസ്തുക്കൾ നിരോധിച്ചെങ്കിലും ഇന്നും അതുപയോഗിച്ച വളർത്തിയ പച്ചക്കറികളാണ് നമ്മുക്ക് ലഭിക്കാറുള്ളത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കയറ്റുമതി ചെയ്തുവരുന്ന പച്ചക്കറികളിൽ എന്തൊക്കെ ഒളിച്ചിരിക്കുന്നുവെന്ന് നാം അറിയുന്നില്ല.

“ദൈവത്തിന്റെ സ്വന്തം നാടായിരുന്ന കേരളം" പണ്ട് കൃഷിയിലും,പച്ചപ്പിലും,സമ്പൽസമൃദ്ധിയിലും അഹങ്കരിച്ചിരുന്നു.എന്നാൽ ഇന്ന് കൃഷിനാശത്തിലും വറ്റിവരണ്ട പാടങ്ങൾക്കുമൊഷം,ഭക്ഷണരീതികൊണ്ടാവുന്ന അസുഖങ്ങളിലും അഭിമാനിക്കാവുന്ന അവസ്ഥയിലാണ്.ഇന്ന് ഉപ്പ്മുതൽ കർപ്പൂരം വരെ അന്യസംസ്ഥനങ്ങളിൽ നിന്നും വരുത്തേണ്ട ഗതികേടാണ്.നമ്മുടെ വീട്ടിലുള്ള അപ്പൂപ്പനും അമ്മൂമ്മയുമെല്ലാം ഉന്മേഷത്തോടെ ഓടിച്ചാടിനടക്കുമ്പോൾ നാം മാത്രം രോഗക്കിടക്കയിലാണ്. അവർ പണ്ട് പറമ്പിൽ അധ്വാനിച്ച

ഉണ്ടാക്കിയ ആഹാരം കഴിച്ചാണ് വളർന്നത്.എന്നാൽ, ഇന്ന് നാം ബംഗാളികളുടെയും തമിഴരുടെയും കനിവിനായി അടുപ്പുപുകയ്ക്കാൻ കാത്തിരിക്കുന്നു. ചുരിക്കിപറഞ്ഞാൽ അധ്വാനിക്കാനുള്ള മടിയാണ് ഇന്ന് പലരുടെയും രോഗകാരണം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ നിന്ന് അദ്ദേഹം പണ്ട് മുതലെ പിൻവാങ്ങിക്കഴിഞ്ഞു.ഇന്ന് ഇത് പിശാചിന്റെ സ്വന്തം നാടാണ്.ഓണത്തിനു പോലും ഭക്ഷണം കടയിൽ നിന്നും വരുത്തിയതാണ്കഴിക്കുന്നത്. പണ്ട് അന്യസംസ്ഥാനങ്ങളും പട്ടണങ്ങളും നമ്മെ ആശ്രയിച്ചിരുന്നു.ആരോഗ്യകരമായ ഭക്ഷണത്തിന് എന്നാൽ നാം അവരെ ആശ്രയിക്കുന്നു. "ഗാന്ധിജി പറയാറുള്ളത് രാജ്യത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് വസിക്കുന്നത്".എന്നാൽ ഇന്ന ഗ്രാമങ്ങൾ വികസനം തേടി സ്വന്തം ആത്മാവും,ആരോഗ്യവും നഷ്ടപ്പെടുത്തുന്നു. പട്ടണത്തിൽ താമസിക്കുന്നവർ ഫാസ്റ്റ ഫുഡ് ഉപയോഗിച്ച് നാടൻ ഭക്ഷണരീതി ശീലമാക്കിയപ്പോൾ,ഗ്രാമത്തിലുള്ളവർ ഭക്ഷണശാലകൾക്കടിമയായി.വിദേശികൾ പോലും നിരോധിച്ച ഭക്ഷണരീതി നാം ശീലമാക്കി.വീട്ടിലുണ്ടാക്കുന്ന പച്ചക്കറികൾ ഭക്ഷണശാലയിലെ രാസവസ്ഥുക്കൾക്ക സമമാണ്.അതുപോലെ തന്നെ ഇന്ന കടയിൽ നിന്നും ലഭിക്കുന്ന ന്യൂഡിൽസ് പോലുള്ളവയും ആരോഗ്യത്തിനു ഭീക്ഷണിയായി മാറിയിരിക്കുകയാണ്.അവ പലപ്രാവശ്യം നിരോധിച്ചതാണെങ്കിലും,മാർക്കറ്റുകളിൽ ഇപ്പോഴും സുലഭമായി ലഭിക്കുന്നു. ഇന്നത്തെ നമ്മുടെ രാജ്യത്തിന്റെ കണക്കെടുത്താൽ നൂറിൽ തൊണ്ണൂറ്റൊമ്പതു ശതമാനവും രോഗബാധിതരായിരിക്കും.ഇന്നത്തെ നമ്മുടെ മിക്ക രോഗങ്ങളും നമ്മുടെ ജീവിതശൈലിയുമായി ബന്ധപ്പെട്ടതായിരിക്കും.ജീവിതശൈലി രോഗങ്ങളിൽ പ്രധാനിയാണ് ക്യാൻസർ.ഒരു വീട്ടിൽ ഒരാൾക്കെങ്കിലും ക്യാൻസർ ഇല്ലെന്ന് പറയുന്നത് അത്ഭുതമാണ്.അതുപോലെതന്നെ, ഹൃദയത്തിനുണ്ടാകുന്ന ബ്ലോക്ക്, അൾസർ, ഗ്യാസ് ട്രബിൾ, അമിതമായ വണ്ണം, ഇവയെല്ലാം ഭക്ഷണരീതികളുടെ തകരാറുമൂലം ഉണ്ടാകുന്നവയാണ്. ഇവയ്ക്കുപുറമേ കൊളസ്ട്രോൾ പോലുള്ള വേറെ. കഴിക്കുന്ന ഭക്ഷണത്തിലെ കൊഴുപ്പടിഞ്ഞുകൂടിയാണ് കൊളസ്ട്രോളും ബ്ലോക്കുകളും ഉണ്ടാകുന്നത്. എന്നാൽ അവയിലെ വിഷമാണ് ക്യാൻസർ, അൾസർ, ഗ്യാസ് ട്രബിൽ തുടങ്ങിയവക്ക് കാരണമായി ഉടലെടുക്കുന്നത്. ഭക്ഷണശാലകൾക്കും വിഷപ്പച്ചക്കറികൾക്കും പുറമെ കല്യാണ ചടങ്ങുകൾക്കും മോഡി കൂട്ടാൻ ഒരുക്കുന്ന വിഭവസമൃദ്ധമായ ഭക്ഷണവിരുന്നും ഇന്ന് രോഗങ്ങളെ ക്ഷണിച്ച് വരുത്തുന്നു. ആവശ്യമില്ലെങ്കിലും ആവശ്യത്തിലേറെ കഴിക്കുകയെന്നത് ശീലമായി കൊണ്ടിരിക്കുന്നു. അധികമായാൽ അമൃതും വിഷം എന്നാണ് ചൊല്ല്. അതു സത്യം തന്നെയാണ്. ജീവിക്കാൻ വേണ്ടി കഴിക്കണം, കഴിക്കാൻ വേണ്ടി

ജീവിക്കരുത്. അല്ലെങ്കിൽ, പിന്നെ രോഗക്കിടക്കയിൽ ദുഃഖം മാത്രമായിരിക്കും തുണ. ഇന്നത്തെ ആരോഗ്യം കണ്ടും രുചി ആസ്വദിച്ചും ആവോളം ഭക്ഷണം കഴിക്കുമ്പോൾ, നാളെയിലെ ജീവിതം നാം മുന്നിൽ കാണണം.ആഹാരം മാത്രമല്ല രോഗങ്ങൾക്ക് കാരണം, ആയുസുകുറവാണ്. ഭക്ഷണവുമായി ടി.വിയുടെയോ കമ്പ്യൂട്ടറിന്റെയോ മുമ്പിൽ ഇരിക്കാത്ത ദിവസമില്ല ഇന്നത്തെ തലമുറക്ക്.

എങ്കിലും ആരോഗ്യകരമായ ഭക്ഷണരീതി ഇന്നും നിലനിൽക്കുന്നുണ്ട്. പട്ടണങ്ങളിൽ താമസിക്കുന്നവരാണ് കൂടുതലും ജൈവകൃഷിരീതിയും അതിലൂടെ ലഭിക്കുന്ന പച്ചക്കറികളുടെയും വില മനസ്സിലാക്കുന്നത്. ഫ്ലാറ്റിലെ ടെറസ്സുകളിൽ അവർ അവർക്കുവേണ്ടത് കൃഷി ചെയ്യുന്നു. രാത്രികളിൽ അവർ നമ്മുടെ നാടൻ രീതിയിലുള്ള കഞ്ഞിയും പയറും പോലുള്ളവ ശീലമാക്കുന്നു. ആ തിരിച്ചറിവാണ് ഗ്രാമവാസികൾക്കില്ലാതെ പോയത്. ആഴ്ചയിൽ അഞ്ചുദിവസവും ആശുപത്രി കയറിയിറങ്ങി മരുന്ന് വാങ്ങാൻ ചിലവാക്കുന്ന പണമുണ്ടെങ്കിൽ നമുക്കുമുണ്ടാക്കാം ഒരു അടുക്കളത്തോട്ടം. സ്വന്തം ആവശ്യങ്ങൾക്കുള്ളത് ധാരാളമായി അതിൽ നിന്ന് ലഭിക്കും. അസുഖങ്ങളുടെ പേരിൽ കുട്ടിയെയും കൊണ്ട് ശിശുരോഗ വിദഗ്ധന്റെ സമീപമെത്തുന്ന അച്ഛനമ്മമാർ തിരിച്ചറിയണം, ഭക്ഷണശാലകളിലെ ഭക്ഷണപദാർത്ഥങ്ങളുടെ ദൂഷ്യഫലം. എല്ലാ ഭക്ഷണശാലകളും ഒരുപോലെയാണെന്ന് ഞാൻ കരുതുന്നില്ല, എങ്കിലും നാം എടുക്കേണ്ട മുൻകരുതലുകൾ എടുക്കുകതന്നെ വേണം. ഇങ്ങനെയൊക്കെ ചിന്തിച്ചാലും വല്ലപ്പോഴുമൊക്കെ നാം ഭക്ഷണശാലകൾ സന്ദർശിക്കും, എന്നിരുന്നാലും അതിൽ കുറവുണ്ടാവുകയും ചെയ്യാം. കടയിലായാലും വീട്ടിലായാലും ഈസ്ട്രജൻ കുത്തിവെച്ച കോഴി തന്നെ നമ്മുടെ ഭക്ഷണം. അതിലും നല്ലതാണ് അടുക്കളത്തോട്ടത്തിലുണ്ടാകുന്ന പച്ചക്കറികൾ. കാഴ്ച നൽകിയിരുന്ന ക്യാരറ്റും, രക്തം നൽകിയിരുന്ന ബീറ്റ്റൂട്ടുമെല്ലാം ഇന്ന് അവയവങ്ങളുടെ ശത്രുവാണ്.

അതുകൊണ്ട് നമുക്ക് മാറ്റി വെക്കാം ഈ ശീലങ്ങൾ , കേരളത്തിന്റെ നെല്ലറകൾ എന്ന് വിശേഷിപ്പിച്ച കുട്ടനാടിനെയും പാലക്കാടിനെയും നമ്മുക്ക് തിരിച്ച് കൊണ്ട് വരാം. **ആരോഗ്യമുള്ള ജനതയാവട്ടെ ഭാരതത്തിന്റെ ഭാവി സമ്പാദ്യം, അതാവട്ടെ നമ്മുടെ സേവനവും.**



## ആരോഗ്യമാകട്ടെ ഭാവിയുടെ സമ്പത്ത്

നജാ ഫാത്തിമ

# മാറുന്ന ലോകം

നോക്കടാ നമ്മുടെ നാടിന്റെ ഈ ഗതി
പച്ചപ്പുമാറി കരിഞ്ഞുണങ്ങുന്നത്

കണ്ടില്ലേ വേറിട്ട പൈതൃകം
കണ്ടില്ലേ കെട്ടിയുയരുന്ന കെട്ടിടം

പാടം മറയുന്ന കാട് മറയുന്ന
തോട് മറയുന്ന എല്ലാം മറയുന്ന




പാടങ്ങൾ ശൂന്യം നാടിന് ശൂന്യം
വെള്ളമാഹാരവുമെല്ലാമമൂല്യം

നോക്കടാ നമ്മുടെ നാട്ടിലെ
മാലിന്യം
കെട്ടുകളായിട്ട് വഴിയിൽ കിടക്കുന്ന

കെട്ടുകളങ്ങനെ ചീഞ്ഞളിയുന്നത്
വേറിട്ടകാക്കകൾ കൊത്തി വലിക്കുന്ന

കാക്കകൾ മാത്രമല്ലായിരമായിരം
നായിക്കൾ കൂടുന്ന ഇന്നീ സമൂഹത്ത്

രോഗം പടരുന്ന ജീവൻ കുറയുന്ന
എങ്കിലും മാറാത്ത ശീലമെന്നാലിത്

നാട്ടിലും റോട്ടിലും കാട്ടിലും വീട്ടിലും
കൂടി കിടക്കുന്ന കെട്ടുകളായിട്ട്

ഈ രണ്ടു കാര്യങ്ങൾ കേരള നാടിന്റെ
വേറിട്ട രണ്ടു പ്രശ്നങ്ങൾ മാത്രം

കൂടുന്ന ജനസംഖ്യ കൂടുന്ന രോഗങ്ങൾ
എങ്കിലും മാറാത്ത ശീലമെന്നാലിത്

കെട്ടുകളായിട്ട് വഴിയിൽ നിക്ഷേപിച്ച്
കൂസലില്ലാതെ നടക്കുന്ന മാനുഷ്യർ


നോക്കടാ നമ്മുടെ നാടിന്റെ ഈ ഗതി
രോഗം പടരുന്ന കുന്നുകളായിട്ട്

വിദ്യ

# എന്റെ വിദ്യാലയം



ഓളങ്ങൾ ഓടിക്കുന്ന ഒരു കൊച്ചു
മലർത്തോപ്പാണ് എന്റെ വിദ്യലയം.
ഓർമ്മതൻ താളിലെ അക്ഷര പൂവുകൾ
ഒരുവട്ടം കൂടി ഞാൻ ചേർത്തുവയ്ക്കും.
എന്റെ കൊച്ചു വിദ്യാലയത്തിൽ
അറിവെന്ന മുത്തിൽ നിന്ന്
ഒരു പിടി ഓർമ്മകൾ കോർത്തുതന്ന വിദ്യാലയം
പൂവുകൾ പൂത്തുനിടരുന്ന കൊച്ചു
പൂന്തോപ്പാണെന്റെ വിദ്യാലയം.



അലീഡ ഫാത്തിമ

# ഋതുനൊമ്പരം

ഏതോ കിനവിന്റെ ജാലകത്തിൽ
എന്നോർമ്മതൻ പൊൻപീലി വീശിയപ്പോൾ
വെയിലേറ്റു വാടുന്ന തളിരിലത്തുമ്പുപോൽ
മനസ്സിലെ ഓർമ്മകൾ വെന്തുനീറി



ഋതുകാലമെങ്ങോ പോയ്മറഞ്ഞു
ഓർമ്മതൻ ചെപ്പിലായ്
സൂക്ഷിച്ചുവെച്ചൊരു
മധുരമാം നൊമ്പരം കൺതുറന്നു
നിന്നോർമ്മതൻ സ്പന്ദനം കേട്ടനേരം

മറുത്തൊരു വാക്കുമേ ചൊല്ലിയില്ല
ഒരിക്കലെൻ ജീവനായ് കണ്ടിരുന്ന
എൻപ്രിയ തോഴൻ എന്നെ വിട്ടകന്നനേരം

ഗ്രീഷ്മം പാതിവഴി പിൻവാങ്ങിയ
ഋതുകാലമെന്നപോൽ
വേനലും മഴയും മാറിമാറിയെത്തിടിലും
മേഘപാളിയിൽ മിന്നൽ വർഷധ്വനി മുഴങ്ങിടിലും
എന്നുമെൻ മനതാരിൽ മിന്നിടും നിൻ മുഖം

നിന്റെ വേർപാടിൽ
ചിറകൊടിഞ്ഞ പക്ഷിയായ്
മാറുന്നു ഇന്നുഞാൻ......
കാത്തിരുന്നിടുമെൻ പ്രിയതോഴനെ
എന്നുമെന്നും.......

അഭിരാമി


# കളിപ്പാവ




ഞാനൊരു കളിപ്പാവ ദൈവത്തിൻ കളിപ്പാവ
ദൈവം വലിക്കും ചരടിന്റെ നാളത്തിനൊത്ത്
ആടിടും കളിപ്പാവ
തിന്മകൾ ചെയ്തിടും പാവ
നന്മകൾ ചെയ്തിടും പാവ
പ്രായത്തിനൊത്ത് മാറ്റം വരുത്തി
മാറിമാറിയാടിടും പാവ
ആയുസ്സെത്തിയ നേരം എൻ ചരട്
ദൈവത്തിൻ കയ്യിൽ നിന്നറ്റുപോയി
ആ നേരമാ ചരട് കിട്ടി-
യ മധർമ്മന്റെ കൈയ്യിൽ
ആ നേരം ഒരു പാവയാമെൻെറ
ദേഹത്തു നിന്നടർന്നു വീണു ഒരു ജിവൻ
ശേഷിച്ച ദേഹം മറ്റുള്ളവർ
ചിതയൊരുക്കി അതിൽ സമർപ്പിച്ചു
എരിഞ്ഞു തീർന്നു എന്റെ ദേഹം
പൊലിഞ്ഞു പോയി എന്റെ ജീവൻ

രേവതി

# ഗാന്ധിയൻ ദർശനങ്ങൾ



1. ഇന്ത്യക്ക് ഉയർച്ച ഉണ്ടാകണമെന്ന് ഞാൻ  ആഗ്രഹിക്കുന്നത് ലോകത്തിനു മുഴുവൻ അതുകൊണ്ട് ഗുണംലഭിക്കുമെന്ന് കരുതിയാണ്.

2. വിനയം പ്രശംസയായും ധാർഷ്ട്യം നിർഭയത്വമായും

തെറ്റിദ്ധരിക്കപ്പെടരുത്.

3. ജനാധിപത്യത്തിന്റെ ശക്തി പുറത്തുനിന്നു കൊണ്ടുവരാനുള്ള തല്ല അത് ഉള്ളിൽ നിന്നു തന്നെ പുറപ്പെടേണ്ടതാണ്

4. എല്ലാ പരിസ്ഥിതികളിലും നല്ലവരായിരിക്കാനും നന്മ മാത്രം പ്രവർത്തിക്കാനും ആഗ്രഹിക്കുന്നവർ

അധികാരം കൈയിലെടുക്കരുത്.

5. ജിവനുള്ളതെന്തും വളർന്നുകൊണ്ടിരിക്കണം. വളരാതിരുന്നാൽ എന്തും മരിച്ചുപോകും.



ഇർഫാന .ഇ .എ




## കടങ്കഥകൾ

കൈയ്യിൽ വടി  വായിൽ മധുരം
കരിമ്പ്
കാൽ കറുപ്പൻ മൂക്കാൻ ചോപ്പൻ
കുന്നിക്കുരു
വീട്ടിൽ കയറാത്ത കൂട്ടുകാരൻ
നിഴൽ
പൊക്കിളിൽ തൊട്ടാൽ കണ്ണിൽ പൂത്തിരി
ടോർച്ച്
ആരു ചെന്നാലും അടയുന്ന വാതിൽ
വായ
അമ്മ പരന്ന് പരന്ന്, മകൾ ഉരുണ്ടുരുണ്ട്
അമ്മിയും അമ്മിക്കല്ലും
മോതിരതലയൻ , കോടാലിത്തലയൻ
താക്കോൽ

തിന്നാൽ ദഹിക്കില്ല , വെച്ചാൽ വേലില്ല

തലമുടി

അകത്തു രോമം പുറത്ത് ഇറച്ചി

മൂക്ക്

നന്ദികാട്ടാനാട്ടും പുല്ലരിയാത്തരിവാൾ

പട്ടിയുടെ വാൽ

വെള്ളത്തിലോടുന്ന മീൻ കരയ്ക്കിട്ടാലും ചാവില്ല

വഞ്ചി

അടപ്പുള്ള വെള്ളിക്കിണ്ണത്തിന്റെ അകത്തുണ്ടായൊരു കരിമുത്ത്

കണ്ണ്

വെള്ളമൊഴിക്കാം ചോറു നിറയ്ക്കാം കറികൾ പലതും കൊള്ളിക്കാം

വയറ്

കാലുപിടിച്ചാൽ വായ തുറക്കും വായ തുറന്നാൽ കച്ചറ കച്ചറ

കത്രിക

ഇങ്ങേലെ ചെമ്പ് അങ്ങോട്ടു കൊണ്ടു പോകാനും വയ്യ,
അങ്ങേലെ ചെമ്പ് ഇങ്ങോട്ടു കൊണ്ടു വരാനും വയ്യ

കിണർ

എങ്ങും നീങ്ങി നടക്കും അർക്കും പിടി കൊടുക്കില്ല

വായു

കാണാത്തവൻ കാണുമ്പോൾ കണ്ടവർക്കാഹ്ലാദം

കാറ്റ്

തുമ്പിക്കൈയ്യില്ലാത്ത ആന

കുഴിയാന

അങ്ങു ദൂരത്തുണ്ടൊരു പാൽക്കിണ്ണം

ചന്ദ്രൻ

കലുകലെ കൊമ്പത്തായിരം രസക്കുടുക്ക

നെല്ലിക്ക

മെലിഞ്ഞൊരാളിന് തലയിലും കാലിലും തൊപ്പി

ഉലക്ക

നന്നേ ചെറിയൊരു സന്ന്യസി താടി നരച്ചൊരു സന്ന്യസി
കാലും കൈകളുമില്ലാത്ത ഉലകം ചുറ്റും സന്ന്യസി

അപ്പൂപ്പൻ താടി

തിന്നില്ല , കുടിക്കില്ല , തല്ലുകൊള്ളാതിവൻ മിണ്ടില്ല

ചെണ്ട

നാലുകാലുണ്ട്,നടുവുണ്ട്,മുതുകുണ്ട് നായക്ക് തിന്നാൻ ഇറച്ചിയില്ല

കസേര

ഞെട്ടില്ലാത്തൊരു വെള്ളച്ചക്ക

മുട്ട

പൊന്നതിന്ന് വെള്ളിതുപ്പി

ചക്കച്ചുള

ആരും അടിക്കാത്ത നലിയ മുറ്റം

ആകാശം

ഓടിനടക്കും തീപ്പന്തം

മിന്നാമിനുങ്ങ്

ശൂ....ശീ....ണ്ടൊച്ച എടുത്തു നോക്കിയാൽ നൂറോട്ട

ദോശ

കണ്ടാൽ വെളുമ്പി തൊട്ടാൽ പൊള്ളും

ചുണ്ണാമ്പ്

ജോലിയുണ്ട് കൂലിയില്ല ,തൊപ്പിയുണ്ട് പോലീസല്ല

മരംകൊത്തി

കണ്ടാൽ കൊമ്പുണ്ട് തൊട്ടാൽ കൊമ്പില്ല

ഒച്ച്

ഉടുതുണിയില്ലാത്തവൻ കുടചൂടി നടക്കും

പന

വാലുകൊണ്ട് കുടപിടിച്ചു

മയിൽ

ഒരാളെയേറ്റാൻ നാലാള്

കട്ടിൽ

കുത്തുന്ന കാളയ്ക്ക് പിന്നിൽ കണ്ണ്

സൂചി

മണിയടിച്ചിൽ മലമ്പാമ്പോട്ടം

തീവണ്ടി

അഭിരാമി

വടിയെടുത്താൽ പോത്തോട്ടം

വള്ളം

# കുഞ്ഞുണ്ണിമാഷിൻെറ

# കുഞ്ഞുമൊഴികൾ



പൊക്കമില്ലായ്മയാ
ണെൻെറ പൊക്കം

മുട്ടോളം കേറിലോ
ചോണനുറുമ്പ്
മുട്ടീട്ടും പോണില്ല
ചോണനുറുമ്പ്
തട്ടീട്ടും പോണില്ല
ചോണനുറുമ്പ്

ഇങ്കുലാബിലും
സിന്താബാദിലും
ഇന്ത്യ തോറ്റിലും

ബുദ്ധി മുട്ടായിയോട്
ചേർന്നപ്പോൾ ബുദ്ധിമുട്ടായി

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാല് വെച്ച പാത്രം
വൃത്തിയാക്കി പൂച്ച

പിന്നോട്ട് മാത്രം മടക്കുന്ന
കാല് കൊണ്ടല്ലയോ
മുന്നോട്ട് പായുന്നതീ താളുക

പപ്പടം വട്ടത്തിലാവുക കൊണ്ടാവാം
പയ്യിൻെറ പാല്യ വെത്തതായി
പയ്യിൻെറ ചാലുവെളുത്തതുകൊണ്ടാവാം
പാക്കലം മണ്ണുകൊണ്ടാക്കുന്നു
പാക്കലം മണ്ണുകൊണ്ടുണ്ടാവുകൊണ്ടാവാം
ചാപ്പുവിൻ പീപ്പിക്കു ചെപ്പരപ്പെ

പലരും നരച്ചിട്ടും
ചിലരേ നന്നായീട്ടു



ഹിബ വി എ

# Butterflies

*Red and black are butterflies*

*flying over here and there*

*dancing round the garden fence*


*make the music that are sweet*

*fluttering with it's lovely wings*

*searching round the flowery bed*

*picking all the sweetest things*

*flying through the airy sky .*



# PROVERBS

* *A friend in need is a friend indeed*
* *a stich in time saves mind .*
* *all that glitters is not gold.*
* *Barking dogs seldom bite .*
* *The early bird catches the worm .*

*There are two sides to every question*

* *Tomorrow never comes .*



\- *Nijad.N.N.*

# MY SCHOOL



*Early in the morning, I hurry off to school....*

*to learn and play and work on tool...*

*My b school is where I love to go ....*

*I run to my class and bow to my teacher*

*and I open my book and listen to her...*

*My school is where I love to go ....*

*I like to read and write with my new pen*

*My school is where I love to go...*

*I greet my teachers and meet my friends...*

*and we sit and chat and sing a song..*

*My school is where I love I love to go....*

*A day long joy lasts in our hearts...*

*and we wave each other and set back home*


*My school is where I love to go...*



**Sunaina . V . A**

# THE DIFFERENCE IN THE WORLD

Every Sunday morning I take a light log around a park near my home. There's a lake located in one corner to the park. Each time I log by this lake .I see the same elderly women sitting at the water's edge with a small cage sitting beside her
This past Sunday my curiosily got the best of me. So I stopped jogging and waked over to her. As I got closer. I realized that the metal cage was in fact a small trap. There were 3 turtles . Unharmed, slowly walking around the base of the trap. She had a fourth turtle in her lap that she was carefully scrubbing with a spongy brush
"Hello" I said "I see you here every Sunday morning . It you don't mind my nosiness I'd love to know what you are doing with these turtles"
she smiled "I am cleaning off their shells " she replied "anything on a turtle's shell over time"wow"that really nice of you " I exclaimed she went on ; 'I spent a couple of hours each morning rilaning and helping there little guys out .but don't most fresh water turtle's live their white lives with algae and sum hanging from their shells? I asked "yap ,sadly they do she replied I asked don't you think your time could be better spend?there are 99% of turtles living with out any one like you lo clean shells The women giggled and continued her job cleaning sweelie if thin could talk he'd tell you I just made all difference in world 'Horal:you cannot change the world may not all but one at once.



NAJAH

# IS TECHNOLOGY MAKING US SMARTER OR DUMBER




*Technology is the asset of a developed country. It is useful in one way and dangerous in many ways. Now a days most modern technologies are used for various purposes. For example,in older days people had done the harvesting in the fields, but now a days machines are used for this purposes. Technologies are both useful and harmful.*

*The countries like America are under the list of developed country. How did they become this much developed? It is the utilisation of modern technologies in many fields. This is the reason for the migration of many graduated engineers to America. As technology increases,more job opportunity will be provided. We know that a new system or a technology is first provided or utilised by*

*Americans. Like this our country is also included in the list of developing countries. We also started to use technologies like computers,mobile phones etc...Our country consists of many multi-speciality hospitals for better treatments. Earlier times for a heart transplantation or for a dialysis we had to depend a foreign country. But now,there is a lot of multi-speciality hospitals with every facilities including cancer treatment. The introduction of computers and mobile phones had made dramastic changes in the field of information technology. We can speak to our relatives inroad with minutes using smart phones and also video chart is also available. Computers and smart phones helps us in different ways. By giving information about anything we need, if we want to go for a trip the google will help us in finding the place. The television also helps as to know about the live newses all over the world. Our country has also the most modern equipments for defence. Our military force is also provided with many defence equipments for a sudden war.*




*Now Kerala can also be proud that we are also be developed in many ways. The intervention of 'Kochi Metro' had become a milestone in our technical fields. In our home itself we are using many machines like washing machines, televisions, refrigerator, etc. Like this each one is a part of developed country. The systems like kochi metro , solar boats and other transportation vehicles made the crises of travelling easy.*

*The space research is also going great. We are proving that we are brave many artificial satellites are provided by people or great man's in the field of space research among them India's great contributions are the Chandrayan and Mangalyan. India is*

*also rich in scientists like C V Raman and our great president Dr. A P J Abdul Kalam with their way back to heaven we had a great lost. But, we should relax that this is not an end for everything their are so many young scientists among us.'Technology is really making us smarter , but also dumber.*

*How is technology making us dumber? Gandhiji and Nehru dream of a developed India , India had developed a lot , but along with the evils also developed . In daily newspapers we read about the crimes against women . After the development of information technology crimes had increased. The mobile phones are more responsible for this crimes, the youngsters had become adicts for computers and mobile phones. They watch many videos or characters in a film and rape their own sisters. The people who are working with computers or long hours spending in front of computers may affect their vision and also make them Anaemic. Not only the computes, mobile phones also. The developed technology also cause harm the environment. The establishment of factories also create many health problems to the people around it, like environment pollution etc. The nuclear reactors established for the power generation is equally harm to the environment and people working inside it. Ozone, the umbrella of earth had many holes now,this is due to the chemicals emitted by the factories. If we didn't stop this soon , we will be in the doors of death. Now many animals are declared endangered due to these reasons. So it is a right question for the present world that “ Is Technology making us smarter or dumber”.*



***“TECHNOLOGY MUST GIVE BIRTH TO SCIENTISTS,NOT DEATH”***

***Muneeba M S***

# Quick facts




*# Many bird babies are blind and helpless when they breakout of their shells.*
*# The Komodo lizards are the largest lizards in the world.*
*#There are 330 varieties of sharks and they all are meat eaters.*
*# Amir Khusro invented the modern Sitar.*
*# Mohiniyattam is a dance form of Kerala that is performed by women.*
*# Ottan Thullal ,a popular dance form in Kerala is called the poor man's Kathakali.*
*#'The Times of India' was the first newspaper of India which gave a film advertisement.*
*#Dr. Rajedra Prasad was the first president of independend India. He was also the president of the constituent assembly that drafted the constituon.*
*# Lakshadweep is the smallest union territory of India .*



***Fathima Nazrin***

# FRIENDSHIP




Friendship means understanding,not agreement. It means forgiveness,not forgetting. It means the memories last. Even if contact is lost

**B**elieve in each other
**E**xchange silly stories
**S**hare favourite clothes
**T**ell is like it is.

**F**ind the answer
**R**ely on each other
**I**nspire bravery
**E**ncourage dreams
**N**ever stop caring
**D**evise crazy scheme



Fidha Fathima

# PRINCIPLES OF SUCCESS

Positive mental attitude
Definiteness of purpose
Going the extra mile
Accurate thinking
Self discipline
The master mid
Applied faith
A pleasing personality
Personal initiative
Enthusiasm
Controlled attention
Team work
Learning from defeat
Creative vision
Budgeting time and money
Maintaining sound physical and mental health









***Aysha***


Thank you